Talented Bankers Literary Panel
Book Introduction 176

പുസ്തകം പരിചയപ്പെടുത്തുന്നത്,
മാധവി വി കെ
സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ,
TFCPC, എറണാകുളം.

446054
ആശിഷ് ബെൻ അജയ്.

307.47 എന്ന ആദ്യ പുസ്തകത്തിലൂടെ നമ്മുടെ മനസ്സിൽ സ്ഥാനം പിടിച്ച നമ്മുടെ Talanted Banker എഴുത്തുകാരന്റെ രണ്ടാമത്തെ പുസ്തകം ആണ് 446054.

പുസ്തകത്തിന്റെ പേര് എന്തുകൊണ്ടാണ് അക്കങ്ങൾ എന്ന ചോദ്യത്തിന് എഴുത്തുകാരൻ തന്നെ മറുപടി പറയുന്നു, അയാൾ ബാങ്കർ ആയതു കൊണ്ടാണെന്ന്. 446054 എന്താണെന്നു പുസ്തകം വായിച്ചാൽ മനസ്സിലാകും.

അഭിഷേക് അയ്യർ എന്ന ബാങ്ക് ഉദ്യോഗസ്ഥനെ ഓർമ കാണുമല്ലോ. വടക്കൻ പറവൂർ നിന്നും നെല്ലിയാമ്പതിയിലേക്കു സ്ഥലം മാറിപ്പോകുന്ന അഭിഷേകിലൂടെയാണ് കഥ തുടങ്ങുന്നത് . പുതിയ ബ്രാഞ്ചിലെത്തുന്ന ഒരു ഉദ്യോഗസ്ഥൻ നേരിടുന്ന പ്രശ്നങ്ങൾ അഭിഷേകിനും ഉണ്ടായി . ഒരു കിട്ടാകടമായി കിടക്കുന്ന ലോൺ തിരികെ പിടിക്കാനുള്ള ശ്രമവും അതിലൂടെ മുന്നിലേക്ക് പോകുന്ന കഥയും .

ഇടയ്ക്കു വച്ചു കഥ മറ്റൊരിടത്തേക്ക് ചെല്ലുന്നു . ഒരു കുടുംബത്തിൽ നടക്കുന്ന ചില അനിഷ്ടസംഭവങ്ങൾ എങ്ങനെ അഭിഷേകുമായി ബന്ധപ്പെടുമെന്നു ആലോചിച്ചു തലപുകയ്ക്കണ്ട. കഥാകൃത്തു കൃത്യമായി അതു കോർത്തിണക്കുന്നുണ്ട്. ഒരു ഹൊറാർ ത്രില്ലെർ എന്ന രീതിയിൽ തുടങ്ങി കഥ ഒരു ക്രൈം ത്രില്ലെർ അയി മാറുന്നുണ്ട് അതിന്റെ മൂന്നാം ഭാഗത്തിൽ എത്തുമ്പോൾ.

ഒട്ടും മുഷിപ്പിക്കാതെയുള്ള എഴുത്ത് , കൃത്യമായ അവതരണം എന്നിവയിലൂടെ നല്ലൊരു വായനാസുഖം നൽകുന്ന പുസ്തകം എന്നാണ് എന്റെ അഭിപ്രായം . ഒറ്റ ഇരുപ്പിൽ വായിച്ചു തീർത്ത പുസ്തകം . ആശിഷ് പറയുന്ന പോലെ രാത്രിയിൽ വായിച്ചാൽ ഒരു പക്ഷെ ഒരു പ്രത്യേക ആസ്വാദന സുഖം കിട്ടാവുന്ന പുസ്തകം .

വില - Rs. 250/-
ഒരു ഡ്രീം ബുക്ക് പ്രസിദ്ധീകരണം